**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കഠിനംകുളം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീമതി ഹെലൻ ഫെർണാണ്ടസിന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചികിത്സാധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2708/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 04.08 .2017.

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 21.06.2017 ലെ ജ 1-14701/2017 നമ്പർ കത്ത്.

**ഉത്തരവ്**

കഠിനംകുളം ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ഹെലൻ ഫെർണാണ്ടസിന് തിരുവനന്തപുരം കോസ്മോപൊളിറ്റൻ ആശുപത്രിയിൽ ചികിത്സ നടത്തിയതിന് ചെലവായ 14,500/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം കത്ത് മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിനംകുളം ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി ഹെലൻ ഫെർണാണ്ടസിന് ചികിത്സാധനസഹായമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 14,500/- രൂപ (പതിനാലായിരത്തി അഞ്ഞൂറ് രൂപ) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സിനി.ജെ.ഷുക്കൂർ**
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കഠിനംകുളം ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
ശ്രീമതി ഹെലൻ ഫെർണാണ്ടസ്, മെമ്പർ, കഠിനംകുളം ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ,ആഡിറ്റ്),തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ